ഡി3-14902/2015/ഡി.ഐ.എം.എസ്.

ഡയറക്ടറേറ്റ് ഓഫ്
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്
തിരുവനന്തപുരം-14
തീയതി- 21.02.2017

## കാരണം കാണിക്കൽ നോട്ടീസ്

വിഷയം- ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ്- അനധികൃത ഹാജരില്ലായ്മ-യു.ഡി.ക്ലാർക്കായ ശ്രീ.ടോം.റ്റി.സാജനെതിരായ അച്ചടക്കനടപടി- സർവ്വീസിൽനിന്നും നീക്കം ചെയ്യുവാനുള്ള താൽക്കാലിക തീരുമാനം അറിയിക്കുന്നത് -സംബന്ധിച്ച്.

സൂചന–1. 24.01.2008-ലെ സർക്കാർ ഉത്തരവ് ജി.ഒ(ആർ.റ്റി)നം. 199/2008/എൽ.ബി.ആർ.
2. 13.08.2015-ലെ ഈ ആഫിസിലെ ഇതേ നമ്പർ ഉത്തരവ്
3. 12.11.2015-ലെ ഈ ആഫിസിലെ ഇതേ നമ്പർ കുറ്റപത്രം
4. 10.02.2016--ലെ ഈ ആഫിസിലെ ഇതേ നമ്പർ ഉത്തരവ്
5. 27.12.2016-ലെ ദക്ഷിണ മേഖലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറുടെ ജി1-1628/2016 എന്ന കത്ത്.

ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ യു.ഡി.ക്ലാർക്കായ ശ്രീ.ടോം.റ്റി.സാജൻ എന്ന താങ്കൾ കോട്ടയം ഇ.എസ്.ഐ ഡിസ്പെൻസറിയിൽ ജോലിനോക്കിവരവെ 08.08.1991-ലെ സർക്കാർ ഉത്തരവ് ജി.ഒ (ആർ.റ്റി) 2031/91/എൽ.ബി.ആർ പ്രകാരം 14.08.1991 മുതൽ അഞ്ചു വർഷത്തെ ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്നു. പ്രസ്തുത അവധിയ്ക്ക് തുടർച്ചയായി 14.08.1996 മുതൽ 13.08.2011 വരെ 5 വർഷം വീതം മൂന്നു ഘട്ടങ്ങളിലായി ശൂന്യവേതനാവധി ദീർഘിപ്പിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം 14.08.1991 മുതൽ 13.08.2011 വരെ 20 വർഷം തുടർച്ചയായി ശൂന്യവേതനാവധിയിൽ പ്രവേശിച്ചിരുന്ന താങ്കൾക്ക് മേലിൽ

ശൂന്യവേതനാവധി ദീർഘിപ്പിച്ചു നൽകുന്നതല്ല എന്ന് സൂചന (1) പ്രകാരമുള്ള ഉത്തരവിൽ സൂചിപ്പിച്ചിരുന്നു.

ഒരു സർക്കാർ ജീവനക്കാരന് അനുവദനീയമായ ശൂന്യവേതന-കാലയളവായ 20 വർഷത്തെയും അവധികഴിഞ്ഞ് 14.08.2011-ന് ജോലിയിൽ പ്രവേശിക്കേണ്ടിയിരുന്ന താങ്കൾ ജോലിയിൽ പ്രവേശിക്കുകയോ ജോലിയിൽ പ്രവേശിക്കാതിരിക്കുന്നതിനുള്ള കാരണം ബോധിപ്പിക്കുകയോ ചെയ്യുകയുണ്ടായില്ല. തുടർന്ന് താങ്കളെ അച്ചടക്കനടപടികൾക്ക് വിധേയമായി സർവ്വീസിൽ നിന്നും സസ്പെൻഡു ചെയ്തു കൊണ്ട് സൂചന (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് രജി.തപാൽ മുഖാന്തിരം താങ്കളുടെ മേൽ വിലാസത്തിൽ അയച്ചുവെങ്കിലും " അഡ്രസീ ലെഫ്റ്റ് ഇൻഡ്യ " എന്ന കുറിപ്പോടെ തപാൽ വകുപ്പ് തിരികെ അയച്ചിരുന്നു.

അച്ചടക്ക നടപടിയുടെ തുടർനടപടിയെന്നോണം താങ്കൾക്കെതിരെ പരാമർശം (3) പ്രകാരം കുറ്റപത്രം പുറപ്പെടുവിച്ചിരുന്നു. 14.8.1991 മുതൽ 13.8.2011 വരെ തുടർച്ചയായി 20 വർഷത്തെ ശൂന്യവേതനാവധി സ്വീകരിച്ച ശേഷം ജോലിയിൽ തിരികെ പ്രവേശിക്കാതെ അനധികൃമായി ജോലിയിൽ നിന്നും വിട്ടുനില്ക്കുന്നു എന്നതായിരുന്നു താങ്കൾക്കെതിരെ ആരോപിക്ക-പ്പെട്ടിരുന്ന കുറ്റം. ടി കുറ്റപത്രം വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. രജി.തപാൽ മുഖാന്തിരം താങ്കളുടെ വിലാസത്തിൽ അയച്ചിരുന്ന കുറ്റപത്രം "അഡ്രസീ ഒട്ട് ഓഫ് ഇൻഡ്യ " എന്ന കുറിപ്പോടെ തപാൽ വകുപ്പ് തിരികെ അയച്ചുതന്നിരുന്നു.കുറ്റപത്രം സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിവരം പ്രധാന പത്രങ്ങളിൽ പരസ്യപ്പെടുത്തുകയും ചെയ്തിരുന്നു. എന്നിട്ടും പ്രതികരിക്കാതിരുന്ന സാഹചര്യത്തിൽ 1960-ലെ കെ.സി.എസ്. (സി.സി.ആന്റ് എ) റൂൾ 15 പ്രകാരം ഔപചാരിക അന്വേഷണം നടത്താൻ തീരുമാനിക്കുകയും ദക്ഷിണമേഖലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടറെ

അന്വേഷണ ഉദ്യോഗസ്ഥയായി നിയമിച്ചുകൊണ്ട് സൂചന (4) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു. അന്വേഷണ ഉദ്യോഗസ്ഥ ഔപചാരിക അന്വേഷണം നടത്തി സൂചന (5) പ്രകാരം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിരുന്നു.

താങ്കൾ 14.08.2011 മുതൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനില്ക്കുന്ന വിവരം ബോദ്ധ്യപ്പെട്ടതായി അന്വേഷണ റിപ്പോർട്ടിൽ സൂചിപ്പിച്ചിരുന്നു. ഔപചാരിക അന്വേഷണത്തിന് ഹാജരാകുവാനുള്ള നോട്ടീസ് രജി.തപാൽ മുഖാന്തിരം താങ്കൾക്ക് അയച്ചിരുന്നതു കൂടാതെ താങ്കൾ ജോലിചെയ്തിരുന്ന കോട്ടയം ഇ.എസ്.ഐ ഡിസ്പെൻസറിയിലെ സ്ഥാപനമേധാവി ആയ ഇൻഷ്വറൻസ് മെഡിക്കൽ ആഫീസർ മുഖാന്തിരം താങ്കളുടെ വസതിയിൽ നേരിട്ടു നൽകാൻ ശ്രമിച്ചതായും അന്വേഷണ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരുന്നു. എന്നിട്ടും താങ്കൾ അന്വേഷണത്തിന് ഹാജരാകുകയുണ്ടായില്ല. താങ്കളുടെ താമസ സ്ഥലത്ത് അന്വേഷിച്ചതിൽ നിന്നും താങ്കൾ വിദേശത്താണ് എന്നറിഞ്ഞതായി സ്ഥാപനമേധാവി അറിയിച്ചതായി അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. താങ്കളുടെ ഭാഗത്ത് ചുമത്തപ്പെട്ട കുറ്റം ശരിയാണെന്ന് കണക്കാക്കി തുടർനടപടികൾ സ്വീകരിക്കാവുന്നതാണെന്നും അന്വേഷണ ഉദ്യോഗസ്ഥ ശുപാർശ ചെയ്തിരുന്നു.

ഒരു സർക്കാർ ജീവനക്കാരന് അനുവദനീയമായ 20 കൊല്ലത്തെ ശൂന്യവേതനാവധിപൂർത്തിയാക്കി 5 കൊല്ലം കഴിഞ്ഞിട്ടും ജോലിയിൽ പുനഃപ്രവേശിക്കുവാൻ ശ്രമിക്കാതെ ചട്ട വിരുദ്ധമായി വിദേശത്ത് ജോലി ചെയ്തുവരുന്ന താങ്കൾ സർക്കാർ സംവിധാനങ്ങളോടും സർക്കാർ ചട്ടങ്ങളോടും കടുത്ത അവഗണന പ്രകടമാക്കിയിരിക്കുന്നു. താങ്കളുടെ ഭാഗത്തുനിന്നുണ്ടായിരിക്കുന്ന ചട്ടവിരുദ്ധ പ്രവർത്തനങ്ങളും അച്ചടക്ക

രാഹിത്യവും ആജ്ഞാലംഘനവും സർക്കാർ സംവിധാനങ്ങളോടുള്ള കടുത്ത അനാദരവും ഒരിക്കലും നീതീകരിക്കാൻ കഴിയുന്നതല്ല.

ഈ സാഹചര്യത്തിൽ നിലവിലെ ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചുവരുന്ന താങ്കളുടെ ഈ വകുപ്പിലെ സേവനം 13.08.2011 അപരാഹ്നം പ്രാബല്യത്തിൽ അവസാനിപ്പിച്ച് താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതായി ഉത്തരവ് പുറപ്പെടുവിക്കുവാൻ താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത താൽക്കാലിക തീരുമാനത്തിനെതിരെ താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപറ്റി 15 ദിവസത്തിനകമോ, ഈ നോട്ടീസ് സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ച വിവരം പ്രധാന പത്രങ്ങളിൽ പരസ്യപ്പെടുത്തിയ ശേഷം 15 ദിവസത്തിനകമോ, താങ്കൾക്ക് നേരിട്ട് രേഖാമൂലം ബോധിപ്പിക്കാവുന്ന-താണ്. അല്ലാത്തപക്ഷം താങ്കൾക്ക് ഒന്നും ബോധിപ്പിക്കാനില്ലായെന്ന നിഗമനത്തിൽ താൽക്കാലിക തീരുമാനം സ്ഥിരീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

ഡോ.ആർ.അജിതാനായർ
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ(I/C)

സ്വീകർത്താവ്

ശ്രീ.ടോം.റ്റി.സാജൻ

പൂഴിക്കുന്നേൽ , പെരുമ്പായികാട് പി.ഒ, ,

കോട്ടയം 686 028. (രജി.തപാൽ, എ.ഡി സഹിതം)

പകർപ്പ്-1. റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ, ദക്ഷിണ മേഖല, കൊല്ലം

2. ഇൻഷുറൻസ് മെഡിക്കൽ ആഫീസർ, ഇ.എസ്.ഐ ഡിസ്പെൻസറി, കോട്ടയം

3. ഇ. ഗവേണൻസ് 4. ഫയൽ/സ്റ്റോക്ക് ഫയൽ